LBBE WEB section
577

3132
7/07

## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - ബീച്ച് റോഡ് മുതൽ സി.എച്ച്. ഓവർ ബ്രിഡ്ജ് വരെയുള്ള റോഡ് വികസനം - കസബ, നഗരം വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 118.6 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1831/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂൺ 28, 2008

<u>പരാമർശം:</u>
1. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 19-05-2005-ലെ 14-ാം നമ്പർ തീരുമാനം.
2. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 04-03-2008, 02-06-2008 എന്നീ തീയതികളിലെ ഇ.12-82486/02 നമ്പർ കത്തുകൾ.
3. നഗരകാര്യ ഡയറക്ടറുടെ 24-04-2008, 09-06-2008 എന്നീ തീയതികളിലെ ജി.3-4555/08 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിൽ ബീച്ച് റോഡ് മുതൽ സി.എച്ച്. ഓവർ ബ്രിഡ്ജ് വരെയുള്ള റോഡ് 18 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനായി കസബ, നഗരം വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 118.6 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് കോഴിക്കോട് കോർപ്പറേഷൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്ഥലമെടുപ്പിനായി 2,00,00,000/- രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഈ തുകയിൽ നിന്നും ഇതുവരെ 1,35,43,486/- രൂപ ചെലവായിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം റോഡ് വീതി കൂട്ടുന്നതിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരസഭയുടെ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷന്റെ പരാമർശം 1-ലെ കൗൺസിൽ തീരുമാനത്തിന്റേയും പരാമർശം 2-ലെ അപേക്ഷയുടേയും

(മറുപുറം)

നഗരകാര്യ ഡയറക്ടറുടെ പരാമർശം 3-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ബീച്ച് റോഡ് മുതൽ സി.എച്ച്. ഓവർ ബ്രിഡ്ജ് വരെയുള്ള റോഡ് വീതി കൂട്ടുന്നതിനായി കസബ വില്ലേജിലെ 4-4-141, 144,145, 146/2, 4-5-150, 151/1, 151/2, 159, 161, 166, 167, 169, 170, 6-8-176/1, എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും നഗരം വില്ലേജിലെ 8-1-12, 8-1-167, 8-1-168, 173, 177, 8-2-22, 23, 24, 25, 26, 28, 11-1-4, 5/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതുമായ 118.60 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.ശ്യാമളകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട്.

ജില്ലാ കളക്ടർ, കോഴിക്കോട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Vilasini.P.K

സെക്ഷൻ ഓഫീസർ.